# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 നവംബർ 1 ചൊവ്വ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -30)

മറുപടി നൽകുന്ന മന്ത്രിമാർ

ആരോഗ്യവും കയറും വകുപ്പുമന്ത്രി
ജലവിഭവ വകുപ്പുമന്ത്രി
ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി

## അർബുദ രോഗ മരുന്നുകൾക്ക് അമിത വില

*661 ശ്രീ. എസ്. ശർമ്മ
,, കോടിയേരി ബാലകൃഷ്ണൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അർബുദരോഗികൾക്ക് ചികിത്സ ലഭിക്കുന്നതിന് മെഡിക്കൽകോളേജ്, ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ സൗകര്യം പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;

(ബി) അർബുദ രോഗ ചികിത്സക്കാവശ്യമായ മരുന്നുകൾക്ക് അമിത വില ഈടാക്കുന്നതു മൂലം പാവപ്പെട്ട രോഗികൾക്ക് ചികിത്സ നടത്താൻ കഴിയാതെ ജീവൻ അപകടപ്പെടുന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വർദ്ധിച്ചുവരുന്ന അർബുദരോഗികളെ ചികിത്സിക്കാനാവശ്യമായ ഡോക്ടർമാർ നിലവിലുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

ഔഷധിയുടെ റിസർച്ച് ആന്റ് ഡെവലപ്മെന്റ്
വിഭാഗത്തിന്റെ പ്രവർത്തനം

*662 ശ്രീ. കെ.എം. ഷാജി
,, സി. മോയിൻകുട്ടി
,, കെ.എൻ.എ. ഖാദർ
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഔഷധിയുടെ റിസർച്ച് ആന്റ് ഡെവല്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം വിശദമാക്കുമോ;

(ബി) ഗവേഷണ പ്രവർത്തനങ്ങളുടെ ഭാഗമായി വികസിപ്പിച്ചെടുത്ത മരുന്നുകളുടെ വിശദാംശം ലഭ്യമാക്കുമോ; ഇവയിലേതിനെങ്കിലും അന്താരാഷ്ട്ര തലത്തിലുള്ള പേറ്റന്റ് ലഭിച്ചിട്ടുണ്ടോ;

(സി) ആയുർവേദ മരുന്നുകൾക്ക് അന്താരാഷ്ട്രതലത്തിലുള്ള ഡിമാന്റ് കണക്കിലെടുത്ത് കയറ്റുമതി ലക്ഷ്യമിട്ടുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) ഒറ്റമൂലി ചികിത്സകർ, പാരമ്പര്യ ചികിത്സകർ എന്നിവരുടെ ഫലപ്രദമായ അറിവുകളിൻമേൽ ഗവേഷണം നടത്തി അവയെ ആധുനിക ചികിത്സാക്രമത്തിൽ ഉൾപ്പെടുത്തി പേറ്റന്റ് നേടിയെടുക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; എങ്കിൽ അതനുസരിച്ചുള്ള ഗവേഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>പേവിഷ വിമുക്ത കേരളം പദ്ധതി</u>

*663 ശ്രീ. വി. ശിവൻകുട്ടി
,, ബാബു എം. പാലിശ്ശേരി
,, പുരുഷൻ കടലുണ്ടി
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ പേവിഷ വിമുക്ത കേരളം പദ്ധതിയെക്കുറിച്ച് ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പേവിഷ ബാധയേറ്റ് ഓരോ വർഷവും മരണമടയുന്നവരുടെ എണ്ണത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ;

(സി) പേവിഷബാധയ്ക്ക് കുത്തിവയ്ക്കുന്ന മരുന്നിന് സാധാരണക്കാരന് പ്രാപ്യമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>പട്ടയം സംബന്ധിച്ച കേസുകൾ</u>

*664 ശ്രീ. സി. കൃഷ്ണൻ
,, ഇ. പി. ജയരാജൻ
,, എം. ഹംസ
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം വക ഭൂമി കയ്യേറി കൈവശം വെച്ചു വരുന്നവരെ സംബന്ധിച്ച് അന്വേഷണം നടത്തുന്നുണ്ടോ;

(ബി) മലബാർ ദേവസ്വം ബോർഡിന് മാത്രം അർഹതയുള്ള ഭൂമിയെ സംബന്ധിച്ച് വിശദമാക്കാമോ; കെ.എൽ.ആർ. ആക്ട് പ്രകാരം അർഹരായ കർഷകർക്ക് നിയമാനുസരണം നൽകപ്പെട്ട പട്ടയം എത്രയാണ്; പട്ടയം സംബന്ധിച്ച എത്ര കേസുകൾ നിലനില്ക്കുന്നു; പട്ടയ കേസ്സുകൾ തീരുമാനം എടുക്കുമ്പോൾ ദേവസ്വം ബോർഡിനെ അറിയിക്കാറുണ്ടോ;

(സി) ഹിന്ദുമത ധർമ്മസ്ഥാപനങ്ങളേയോ ദേവസ്വം വകുപ്പിനെയോ അറിയിക്കാതെ പട്ടയക്കേസ്സിൽ തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ അവ പുന:പരിശോധിക്കാനുദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

ഇടമലക്കുടി ആദിവാസി മേഖലയിലെ പട്ടിണി മരണങ്ങൾ

*665 ശ്രീ. റ്റി.വി. രാജേഷ്
,, കെ.കെ. ജയചന്ദ്രൻ
,, പി. ശ്രീരാമകൃഷ്ണൻ
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ഇടമലക്കുടിയിൽ ആദിവാസികൾ പട്ടിണിമരണത്തിലേക്ക് നീങ്ങുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരെ രക്ഷിക്കാൻ അടിയന്തിരമായി ഇടപെടുമോ;

(ബി) ഇതിനകം എത്ര പേർ പട്ടിണി മൂലവും ചികിത്സ ലഭിക്കാതെയും മരണപ്പെട്ടു എന്ന് വ്യക്തമാക്കുമോ;

(സി) ഇവിടെ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ പാടെ നിലച്ചിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ പ്രദേശത്ത് റേഷനരി കൃത്യമായി വിതരണം ചെയ്യപ്പെടാത്തതിനെക്കുറിച്ച് പരിശോധിക്കുമോ;

(ഇ) ട്രൈബൽ വെൽഫെയർ പ്രവർത്തനങ്ങൾ ഈ പ്രദേശത്ത് ഇപ്പോൾ നടക്കാതിരിക്കുന്നത് എന്തുകൊണ്ടാണ്?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>ആയുർവ്വേദിക് ഡ്രഗ്സ് ഇൻസ്റ്റിറ്റ്യൂട്ട്</u>

*666 ശ്രീ. പി. കെ. ഗുരുദാസൻ
,, എ. കെ. ബാലൻ
,, കെ. ദാസൻ
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉദ്പാദിപ്പിക്കപ്പെടുന്ന ആയുർവ്വേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാൻ സർക്കാർ തലത്തിൽ നിലവിലുള്ള സംവിധാനങ്ങൾ വിശദമാക്കുമോ;

(ബി) ആയുർവ്വേദ മരുന്നുല്പന്നങ്ങളുടെ ഗുണനിലവാര പരിശോധന മെച്ചപ്പെടുത്താൻ ആയുർവ്വേദിക് ഡ്രഗ്സ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ആയുർവ്വേദ മരുന്നുല്പന്നങ്ങളുടെ ഗുണനിലവാരത്തെ സംബന്ധിച്ച് നിലവിൽ എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>സ്വകാര്യ മാനസികാരോഗ്യ കേന്ദ്രങ്ങൾ</u>

*667 ശ്രീമതി ഗീതാ ഗോപി
ശ്രീ. സി. ദിവാകരൻ
ശ്രീമതി. ഇ. എസ്. ബിജിമോൾ
ശ്രീ.കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ മാനസികാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര എണ്ണം ഇതിൽ ലൈസൻസ് ഉള്ളവ എത്ര ;

(ബി) ലൈസൻസ് ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; ഈ അപേക്ഷകളിന്മേൽ യഥാസമയം തീരുമാനമെടുത്ത് ലൈസൻസ് നൽകാറുണ്ടോ . ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് മെന്റൽ ഹെൽത്ത് അതോറിട്ടി നിലവിൽ വന്നത് എന്നാണ്, ഈ അതോറിറ്റിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>ടെലിമെഡിസിൻ യൂണിറ്റുകളുടെ പ്രവർത്തനം</u>

*668 ശ്രീ. പി. റ്റി. എ. റഹീം
,, എം. എ. ബേബി
,, ജെയിംസ് മാത്യു
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എത്ര ടെലിമെഡിസിൻ യൂണിറ്റുകൾ പ്രവർത്തിക്കുന്നു എന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) അതിൽ എത്ര എണ്ണം ഇപ്പോൾ പ്രവർത്തനക്ഷമമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത യൂണിറ്റുകൾക്കായി എത്ര കോടി രൂപയാണ് ചെലവഴിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത യൂണിറ്റുകളിൽ സ്റ്റാഫിന്റെ കുറവുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ഇതുമൂലം യൂണിറ്റുകൾ പ്രവർത്തിക്കാതെ കിടക്കുന്നത്;

(ഇ) എങ്കിൽ അത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>റോഡ് സുരക്ഷാവാരം</u>

T *669 ശ്രീ. പി. എ. മാധവൻ
,, ജോസഫ് വാഴക്കൻ
,, വി. പി. സജീന്ദ്രൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗതാഗതക്കുരുക്കുള്ള റോഡുകളിൽ റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) റോഡുകളിൽ പാലിക്കേണ്ട നിയമങ്ങളെക്കുറിച്ച് പൊതുജനങ്ങളെയും വാഹനങ്ങൾ ഓടിക്കുന്നവരെയും ബോധവൽക്കരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(സി) ഇതിന് സെമിനാറുകളും വർക്കുഷോപ്പുകളും സംഘടിപ്പിക്കുമോ;

(ഡി) റോഡ് സുരക്ഷാ വാരം വ്യാപകമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>ആയുർവേദത്തിൽ ഗവേഷണം</u>

*670 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
'' കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീമതി കെ.എസ്. സലീഖ
ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആയുർവേദത്തിൽ സർക്കാർ തലത്തിൽ നടക്കുന്ന ഗവേഷണ പരിപാടികളെക്കുറിച്ച് വിശദമാക്കുമോ ;

(ബി) ആയുർവേദത്തിൽ ഗവേഷണം നടത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ;

(സി) പ്രസ്തുത മേഖലയിലെ ഗവേഷണത്തിനായി ഈ വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത മേഖലയിലെ ഗവേഷണഫലങ്ങൾ ഇപ്പോൾ ഏത് രീതിയിലാണ് പ്രസിദ്ധീകരിക്കപ്പെടുന്നത് ; ഇതിന് മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>പി. എച്ച്. ലാബുകളുടെ പ്രവര്‍ത്തനം</u>

*671 ശ്രീ. എ. എം. ആരിഫ്
,, കോടിയേരി ബാലകൃഷ്ണന്‍
,, എ. പ്രദീപ്കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റീജിയണല്‍ പബ്ലിക് ഹെല്‍ത്ത് ലബോറട്ടറികള്‍ നൂതന സാങ്കേതിക വിദ്യകള്‍ പ്രയോജനപ്പെടുത്തി കാര്യക്ഷമമാക്കുവാന്‍ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ടെസ്റ്റ് കിറ്റുകളുടെയും രാസപദാര്‍ത്ഥങ്ങളുടെയും ലഭ്യതക്കുറവ് കാരണം രോഗനിര്‍ണ്ണയ പരീക്ഷണങ്ങള്‍ മുടങ്ങുന്നതും, കാലതാമസം നേരിടുന്നതും പരിഹരിക്കുവാന്‍ സ്വീകരിച്ച നടപടികള്‍ വിശദമാക്കാമോ ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>പ്രാദേശിക ജലാശയങ്ങളുടെ വികസനവും പരിപാലനവും</u>

*672 ശ്രീ. സി. പി. മുഹമ്മദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, അൻവർ സാദത്ത്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക ജലാശയങ്ങളുടെ വികസനവും പരിപാലനവും സംബന്ധിച്ച് ആസൂത്രണം ചെയ്തിട്ടുള്ള കർമ്മപദ്ധതികൾ എന്തെല്ലാമാണ് ;

(ബി) ജലാശയങ്ങളുടെ സർവ്വേ സംബന്ധിച്ച ജോലികളുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് അറിയിക്കുമോ;

(സി) ജലാശയങ്ങളുടെ വികസനത്തിനു വേണ്ടിയുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ഡി) എല്ലാ പാരമ്പര്യ ജലസ്രോതസ്സുകളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

## മെഡിക്കൽ സ്റ്റോറുകളിലെ ഫാർമസിസ്റ്റുകളുടെ സേവനം

*673 ശ്രീ. സണ്ണി ജോസഫ്
,, ഡൊമിനിക് പ്രസന്റേഷൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ സ്റ്റോറുകളിൽ യോഗ്യതയില്ലാത്തവർ ജോലി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അതിന്മേൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ;

(സി) എല്ലാ മെഡിക്കൽ സ്റ്റോറുകളിലും ഫാർമസിസ്റ്റുകളുടെ സേവനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>സിസ്സേറിയൻ ശസ്ത്രക്രിയകൾക്ക് നിയന്ത്രണം</u>

*674 ശ്രീ. റ്റി. എൻ. പ്രതാപൻ
,, സി. പി. മുഹമ്മദ്
,, എം. എ. വാഹീദ്
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശുപത്രികളിൽ നടക്കുന്ന സിസ്സേറിയൻ ശസ്ത്രക്രിയകൾക്ക് നിയന്ത്രണം കൊണ്ടുവരുവാൻ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ആശുപത്രിയിലെത്തുന്ന ഗർഭിണികൾക്ക് കൗൺസലിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

സര്‍ക്കാര്‍ ലാബുകളിലെ ഫീസ് നിരക്ക്

*675 ശ്രീ. സി.കെ. സദാശിവന്‍
'' കെ. സുരേഷ് കുറുപ്പ്
'' കെ.വി. വിജയദാസ്
'' ബി.സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്റ്റേറ്റ് അനലിറ്റിക്കല്‍ ലാബ്, റീജണല്‍ അനലിറ്റിക്കല്‍, ലാബോറട്ടറികള്‍,ജില്ലാ ലാബോറട്ടറികള്‍, എന്നിവിടങ്ങളിലെ ഫീസ് നിരക്ക് വന്‍തോതില്‍ വര്‍ദ്ധിപ്പിച്ചത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ നിലവിലുണ്ടായിരുന്ന നിരക്കും വര്‍ദ്ധിപ്പിച്ച നിരക്കും എത്രയാണെന്ന് വിശദമാക്കാമോ;

(സി) രാസപരിശോധനാ ഫീസ് വര്‍ദ്ധിപ്പിക്കാന്‍ തീരുമാനിച്ചിട്ടുണ്ടോ; എങ്കില്‍ എന്നുമുതല്‍ ഏതെല്ലാം പരിശോധനകള്‍ക്ക് എത്രരൂപാ വീതമാണ് വര്‍ദ്ധിപ്പിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഗാര്‍ഹിക-ഗാര്‍ഹികേതരആവശ്യങ്ങള്‍ക്കായുള്ള ജലത്തിലെ രാസ, ജീവാണു പരിശോധനാഫീസ് വര്‍ദ്ധനവുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകള്‍ പരിഹരിക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

പട്ടികവർഗ്ഗക്കാരെക്കുറിച്ചുള്ള സമഗ്രവിവരവ്യൂഹം

*676 ശ്രീ. പാലോട് രവി
,, തേറമ്പിൽ രാമകൃഷ്ണൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാരെക്കുറിച്ചുള്ള സമഗ്ര വിവരവ്യൂഹം തയ്യാറാക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ഏജൻസിയുമായി സഹകരിച്ചാണ് ഇത് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>കുട്ടികൾക്കുള്ള പ്രതിരോധ വാക്സിനുകളുടെ ക്ഷാമം</u>

*677 ശ്രീ. ജോസ് തെറ്റയിൽ
,, സി.കെ. നാണു
,, മാത്യു. റ്റി. തോമസ്
ശ്രീമതി. ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്കുള്ള പ്രതിരോധ വാക്സിനുകളുടെ ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രതിരോധ കുത്തിവയ്പുകൾ എടുക്കാത്തതിനാൽ കുട്ടികളുടെ മരണനിരക്ക് വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>തീരദേശപ്രദേശങ്ങളിലെ സീവേജ് പദ്ധതികൾ</u>

*678 ശ്രീ. കെ. മുരളീധരൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശ പ്രദേശങ്ങളിൽ സീവേജ് പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) നിലവിലുള്ള ഏതെല്ലാം പദ്ധതികൾ മുഖേനയാണ് ഇത് നടപ്പിലാക്കാനുദ്ദേശിക്കുന്നത്;

(സി) സമയബന്ധിതമായി ഇത് പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>പ്രീഡിപ്പാർച്ചർ ട്രെയിനിംഗ് സെന്റർ</u>

*679 ശ്രീ. ലൂഡി ലൂയിസ്
,, എം. പി. വിൻസെന്റ്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് ജോലി തേടി പോകുന്നവർക്കായി യുവജന ക്ഷേമബോർഡ് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ബി) ഇവർക്കായി ഒരു പ്രീഡിപ്പാർച്ചർ ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിന് ആലോചിച്ചിട്ടുണ്ടോ ;

(സി) ഇതിന്റെ പ്രവർത്തനം എപ്രകാരമായിരിക്കും; വിശദമാക്കുമോ ;

(ഡി) ഇതിന്റെ പ്രവർത്തനം നോർക്കയുമായി സഹകരിപ്പിച്ച് നടപ്പാക്കുവാൻ ശ്രമിക്കുമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ കുറവ്</u>

*680 ശ്രീ. ഇ. പി. ജയരാജൻ
,, ജി. സുധാകരൻ
,, കെ. കുഞ്ഞിരാമൻ(ഉദുമ)
ഡോ. കെ. ടി ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ദൗർലഭ്യം പരിഹരിക്കുവാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ബി) ഏതെല്ലാം സ്പെഷ്യാലിറ്റി വിഭാഗങ്ങളിലാണ് ദൗർലഭ്യമെന്നു വ്യക്തമാക്കുമോ ;

(സി) സ്പെഷ്യാലിറ്റി കേഡർ സമ്പ്രദായം നടപ്പിലാക്കിയശേഷം വിവിധ സ്പെഷ്യാലിറ്റികളിൽ എത്ര ഒഴിവുകൾ ഉണ്ടെന്നു വ്യക്തമാക്കാമോ ;

(ഡി) സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ ദൗർലഭ്യം പരിഹരിക്കുവാൻ മുൻസർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമായിരുന്നെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>ശുദ്ധജലവിതരണ പദ്ധതികള്‍ സമയബന്ധിതമായി പൂര്‍ത്തീകരിക്കുന്നതിന് നടപടി</u>

*681 ശ്രീ. തോമസ് ഉണ്ണിയാടന്‍
,, റോഷി അഗസ്റ്റിന്‍
ഡോ. എന്‍. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ശുദ്ധജല വിതരണ പദ്ധതികള്‍ സമയബന്ധിതമായി പൂര്‍ത്തീ കരിക്കുന്നതിന് ഏര്‍പ്പെടുത്തിയിട്ടുള്ള നിലവിലുള്ള ക്രമീകരണങ്ങള്‍ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പ്രവര്‍ത്തികള്‍ സമയബന്ധിതമായി പൂര്‍ത്തീ കരിക്കാത്തതുമൂലം കേന്ദ്ര സര്‍ക്കാരില്‍ നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട ഫണ്ടുകള്‍ നഷ്ടപ്പെടാന്‍ ഇടവരുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരത്തില്‍ ഫണ്ട് നഷ്ടപ്പെടുന്നത് ഒഴിവാക്കാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ</u>

*682 ശ്രീ. കെ. എൻ. എ. ഖാദർ
,, സി. മോയിൻകുട്ടി
,, എൻ. ഷംസുദ്ദീൻ
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓടുന്ന വാഹനങ്ങളിൽ ആധുനികരീതിയിലുള്ള അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ ഏർപ്പെടുത്തുന്ന കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ;

(ബി) അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ സ്ഥാപിക്കുന്നതു കൊണ്ടുള്ള ദോഷങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഇക്കാര്യത്തിൽ സുപ്രീംകോടതി അടുത്ത കാലത്തു നടത്തിയ നിരീക്ഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഇക്കാര്യത്തിൽ മുൻകാലങ്ങളിൽ ഉയർന്ന വിവാദങ്ങൾ പരിഗണനയിൽ വന്നിട്ടുണ്ടോ; എങ്കിൽ അവ ഒഴിവാക്കി, പദ്ധതി നടപ്പിലാക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ;

(ഇ) സുപ്രീംകോടതിയിൽ പ്രസ്തുത വിഷയത്തിൽ സർക്കാർ സ്വീകരിച്ച നിലപാടെന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>സ്കിൽ ഡവലപ്മെന്റ് സെന്റർ</u>

*683 ശ്രീ. വർക്കല കഹാർ
,, ബെന്നി ബഹനാൻ
,, എ. റ്റി. ജോർജ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ കീഴിൽ ജില്ലകൾ തോറും സ്കിൽ ഡവലപ്മെന്റ് സെന്റർ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സെന്ററിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത സെന്ററിൽ ഏതെല്ലാം കാര്യങ്ങളിലാണ് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>ജില്ലാ ആശുപത്രികളിൽ ഓൺകോളജി വിഭാഗം</u>

*684 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ മെഡിക്കൽ കോളേജുകളിലേയും ഓൺകോളജി വിഭാഗത്തിലെ ഡോക്ടർമാരുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) ഓൺകോളജി വിഭാഗത്തിലെ ഉപകരണങ്ങൾ പഴക്കം ചെന്നവയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വിഭാഗത്തിനായി അനുവദിച്ച കേന്ദ്ര ഫണ്ടുകൾ പാഴാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എല്ലാ ജില്ലാ ആശുപത്രികളിലും ഓൺകോളജി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

സംയോജിത രോഗപര്യവേഷണ പദ്ധതി

*685 ശ്രീ. പി. കെ. ബഷീർ
,, സി. മോയിൻകുട്ടി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ നടപ്പാക്കിവരുന്ന സംയോജിത രോഗപര്യവേഷണ പദ്ധതിയെ സംബന്ധിച്ച് വിശദമാക്കുമോ ;

(ബി) ഇതോടനുബന്ധിച്ച് പകർച്ചവ്യാധി നിയന്ത്രണത്തിനും നിരീക്ഷണത്തിനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 1.11.2011-ലെ മറുപടിക്ക്

<u>എൽ. പി. ജി. ഇന്ധനമായി ഉപയോഗിക്കുന്ന സാധനങ്ങൾ</u>

*686 ശ്രീ. സി. മമ്മൂട്ടി
,, റ്റി. എ. അഹമ്മദ് കബീർ
,, പി. ഉബൈദുള്ള
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളിൽ ഇന്ധനമായി എൽ. പി. ജി. ഉപയോഗിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകളെന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) നിബന്ധനകൾ പാലിക്കാതെ എൽ. പി. ജി. ഇന്ധനം ഉപയോഗിക്കുന്ന വാഹനങ്ങൾ കണ്ടെത്താൻ സ്വീകരിച്ചുവരുന്ന നടപടിക്രമം വിശദമാക്കാമോ ; അത്തരം വാഹനങ്ങൾക്കെതിരെ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ ;

(സി) ടാക്സി വാഹനങ്ങിൽ എൽ. പി. ജി. ഉപയോഗിത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ; നിബന്ധനകൾ പാലിക്കാതെ എൽ. പി. ജി. ഇന്ധനം ഉപയോഗിക്കുന്നത് അപകടസാദ്ധ്യത വർദ്ധിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എൽ. പി. ജി. ഉപയോഗിക്കുന്ന വാഹനങ്ങളെ തിരിച്ചറിയാൻ വാഹനങ്ങളുടെ മുമ്പിലും പിറകിലും വ്യക്തമായി കാണത്തക്കവിധം അത് രേഖപ്പെടുത്താൻ നിഷ്ക്കർഷിക്കുകയും, അതുപാലിക്കാത്തവയ്ക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യുമോ ;

(ഇ) കഴിഞ്ഞ വർഷം എൽ. പി. ജി. ഉപയോഗിച്ച എത്ര വാഹനങ്ങൾ അപകടത്തിൽപ്പെട്ടിട്ടുണ്ട് ; എത്രയെണ്ണം തീപിടിത്തത്തിൽ നശിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗക്കാർക്ക് തിരിച്ചറിയൽ കാർഡ്</u>

*687 ശ്രീ.അൻവർ സാദത്ത്
,, ഹൈബി ഈഡൻ
,, ബെന്നി ബെഹനാൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്ന കാര്യം ആലോചിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

'ഔഷധി' യുടെ ഔഷധ ഉല്പാദനം

*688 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, പി. കെ. ബഷീര്‍
,, അബ്ദുറഹിമാന്‍ രണ്ടത്താണി
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 'ഔഷധി' യുടെ ഔഷധ ഉല്പാദനം വര്‍ദ്ധിച്ചു വരുന്ന ആവശ്യകതയ്ക്ക് പര്യാപ്തമാണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) 'ഔഷധി' യുടെ ഉല്പന്നങ്ങള്‍ വിറ്റഴിക്കുന്നത് ഏതെല്ലാം ശൃംഖല മുഖേനയാണ്;

(സി) 'ഔഷധി' ക്കു വേണ്ടിവരുന്ന അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കാന്‍ സ്വീകരിച്ചിട്ടുള്ള മുന്‍കരുതലുകള്‍ വെളിപ്പെടുത്താമോ;

(ഡി) സര്‍ക്കാര്‍ ആയുര്‍വേദ ആശുപത്രികളിലൂടെയുള്ള വിതരണത്തിന് ഔഷധി ഉല്പന്നങ്ങള്‍ വാങ്ങാറുണ്ടോ;

(ഇ) ഔഷധിയുടെ 2010 - 11 ലെ വിറ്റുവരവെത്രയാണ്; 2011-12 ലെ പ്രതീക്ഷിത വിറ്റുവരവ് എത്രയാണ് ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>വാട്ടർ മീറ്റർ വാടക</u>

*689 ശ്രീ.പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. ഡബ്ല്യൂ എ. വാട്ടർ മീറ്റർ വാടക ഇനത്തിൽ ഉപഭോക്താക്കളിൽ നിന്ന് എന്ത് തുകയാണ് ദ്വൈമാസബില്ലിംഗിൽ ഈടാക്കുന്നത്;

(ബി) മീറ്ററിന്റെ യഥാർത്ഥ വിലയോ അതിൽ കുടുതലോ ആയ തുക മീറ്റർ വാടകഇനത്തിൽ പിരിച്ചെടുത്ത് കഴിഞ്ഞാൽ അത്തരം ഉപഭോക്താക്കളെ വാടകയിൽ നിന്ന് ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഗാർഹിക ഉപഭോക്താക്കളെ മീറ്റർ വാടകയിൽ നിന്നും ഒഴിവാക്കുന്നതിന് കർശന നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 1.11.2011-ലെ മറുപടിക്ക്

<u>ആയുർവേദ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ പ്രവർത്തനം</u>

*690 ശ്രീ. ബി. സത്യൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, പുരുഷൻ കടലുണ്ടി
,, ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആയുർവേദ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ നിലവിലുള്ള പ്രവർത്തനങ്ങളും ഭരണ നിയന്ത്രണവും ഏത് തരത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ആയുർവേദ മരുന്നുകളുടെ ഉല്പാദനവും വിപണനവും ഏറ്റവുമധികം നടക്കുന്ന സംസ്ഥാനത്ത് ശക്തമായ നിലയിലുള്ള അധികരങ്ങളോടു കൂടി പ്രവർത്തിക്കുന്ന ആയുർവേദ ഡ്രഗ്സ് കൺട്രോൾ വകുപ്പ് രൂപീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി.ഡി. രാജൻ,
തിരുവനന്തപുരം സെക്രട്ടറി
2011 ഒക്ടോബർ 23.

'T' ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സുചിപ്പിക്കുന്നു.